നമ്പർ.ഐ.ആർ(3)7485/2020

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം-695543
തീയതി: 19/08/2020
e-mail : isectionlcoffice@gmail.com

## സർക്കുലർ നം. 05/2020

വിഷയം: 2019-20 വർഷത്തെ ബോണസ് ചർച്ചകളുടെ ക്രമീകരണം -സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ് (അച്ചടി) നം. 67/2020/തൊഴിൽ, തീയതി 14/08/2020

പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് വിതരണം സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഇതിനോടകം തന്നെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2019-20 വർഷത്തെ ബോണസ് ചർച്ചകൾ ക്രമീകരിക്കുന്നതും ബന്ധപ്പെട്ട കക്ഷികൾ ചർച്ചയ്ക്കായി എത്തിച്ചേരുന്നതും നിലവിലെ സാഹചര്യത്തിൽ അത്യന്തം പ്രയാസകരമാണെന്നു മനസ്സിലാക്കുന്നു. ആയതിനാൽ നാളിതുവരെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാത്ത സ്ഥാപനങ്ങളും തൊഴിലുടമകളും, കഴിഞ്ഞ വർഷം അനുവദിച്ച അതേ നിരക്കിൽ ബോണസ് ഈ വർഷവും അനുവദിച്ച് ആയത് ഓണത്തിന് മുൻപായി വിതരണം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. തുടർന്നും ബോണസ് സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന പക്ഷം സംസ്ഥാനത്ത് കോവിഡ്-19 നിയന്ത്രണവിധേയമായതിനു ശേഷം ചർച്ചകൾ നടത്തി തീരുമാനം കൈക്കൊള്ളാവുന്നതാണ്.

എല്ലാ സ്വകാര്യ സ്ഥാപനങ്ങളും ഈ സർക്കുലർ പ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാരെ / ബോണസ് നിയപ്രകാരമുള്ള അതോറിറ്റിയെ അറിയിക്കേണ്ടതാണ്.

(ഒപ്പ്/-)
ലേബർ കമ്മീഷണർ

1965 -ലെ ബോണസ് കൊടുക്കൽ നിയമപ്രകാരമുള്ള എല്ലാ അനുരഞ്ജന ഉദ്യോഗസ്ഥർക്കും } (സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിനായി)

**ഉത്തരവിൻ പ്രകാരം**

**സീനിയർ സൂപ്രണ്ട് (ഐ.ആർ)**

പകർപ്പ് :-

1. ഇൻഫർമേഷൻ ഓഫീസർ
2. ഐ.റ്റി. സെൽ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഫയൽ
4. കരുതൽ ഫയൽ